2004 മാർച്ച് 31 ആയപ്പോൾ ചെലവഴിക്കാതെ ശേഷിച്ചിരുന്ന 18553.20 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കിയിട്ടുണ്ട്. അതിനു മുമ്പുള്ള വർഷങ്ങളിൽ ഇപ്രകാരം തുകയൊന്നും ലാപ്സായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ ഡോക്ടർമാരെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായി നിയമിക്കുന്നതിലെ അപാകത

98 [918] ശ്രീ. എൻ. ശക്തൻ:

" ടി. വി. ചന്ദ്രമോഹൻ:

" എം. മുരളി:

" കെ. മുഹമ്മദാലി:

" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ ഡോക്ടർമാരെ വിവിധ പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായി നിയമിക്കാറുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഡോക്ടർമാർക്ക് രോഗികളെ ചികിൽസിക്കാനുള്ള സമയം ലഭിക്കാതെ വരികയോ അതിനുള്ള സമയം കുറയുകയോ ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ആശുപത്രികളുടെ ചുമതലയുള്ള ഡോക്ടർമാർ ആരോഗ്യപരിപാടികളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്മാരാണ്. എന്നാൽ അവരെ ആതുരശുശ്രൂഷയുമായി ബന്ധമില്ലാത്ത ജോലികൾ ഏൽപ്പിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തികവർഷം ലഭിച്ച പദ്ധതി വിഹിതം

99 [919] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക വീതം പദ്ധതി വിഹിതം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly